# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1876 17.12.2012- ൽ മറുപടിക്ക്**

**വിഴിഞ്ഞം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) ലാൻഡ് ലോർഡ് മോഡൽ പ്രകാരം നിർമ്മിക്കുന്ന വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ 2011 ജൂലൈ മാസത്തിൽ അംഗീകരിച്ച റ്റി.ഒ.ആർ പ്രകാരമുള്ള പഠനം പൂർത്തിയായി. 2012 ഡിസംബർ മാസത്തിൽ തന്നെ ഇതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>• പദ്ധതിയ്ക്കായുള്ള മാസ്റ്റർ പ്ലാൻ വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ടിന്റെ ബോർഡ് മീറ്റിംഗിൽ തത്വത്തിൽ അംഗീകരിക്കുകയുണ്ടായി. പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുറമുഖ നിർമ്മാണത്തിനേറ്റവും ആവശ്യമായ എൻജിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ (ഇപിസി) ടെൻഡർ വിളിക്കുന്ന |

----2

തരത്തിൽ റിപ്പോർട്ട് തയ്യാറായി വരുന്നു.

- സമാന്തരമായി തുറമുഖ നിർമ്മാണത്തിന്റെ ബാഹ്യസൗകര്യ വികസനവുമായി ബന്ധപ്പെട്ടുള്ള റോഡ്, വൈദ്യുതി, ജലവിതരണം തുടങ്ങിയവയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. റെയിൽവേക്കു വേണ്ടിയുള്ള പുതുക്കിയ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- തുറമുഖ നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തിയായി വരുന്നു. തുറമുഖ നിർമ്മാണത്തിന് അത്യന്താപേക്ഷിതമായ സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു.

- പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട 47 കുടുംബങ്ങളിൽ 42 കുടുംബങ്ങൾക്ക് ഭൂമിയുടെ വിലക്കു പുറമെ 5 സെന്റ് ഭൂമിയും 6 മാസത്തെ വീട്ടു വാടക ഹാർഡ്ഷിപ്പ് അലവൻസായും നൽകി കഴിഞ്ഞു. ബാക്കിയുള്ളവർക്ക് ഇത് ലഭ്യമാക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു.

- പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക്

തുറമുഖ നടത്തിപ്പുകാരനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ വീണ്ടും ക്ഷണിക്കേണ്ടതുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട റോഡ്, റെയിൽ, വൈദ്യുതി, ജലവിതരണം തുടങ്ങിയ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണ്;

(ബി) റോഡ്, റെയിൽ, വൈദ്യുതി, ജലവിതരണം തുടങ്ങിയ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ ചുവടെ ചേർക്കുന്നു.

<u>**വൈദ്യുതി**</u>

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ, ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും പുരോഗമിക്കുന്നു.

<u>**വെള്ളം**</u>

തദ്ദേശീയർക്കു കൂടി ഉപകാര പ്രദമാകുന്ന രീതിയിൽ ശുദ്ധജല ശൃംഖലയുടെ പണി പൂർത്തിയായി വരുന്നു.

<u>**റോഡ്**</u>

600 മീറ്റർ നീളമുള്ള ടെമ്പററി റോഡിന്റെ 530 മീറ്റർ പൂർത്തിയായി.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് എൻ എച്ച് എ ഐ യുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

<u>**റെയിൽ**</u>

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ

ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, ആർവിഎൻഎൽ മോണോ റെയിൽ പദ്ധതിയെ ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചു പഠനം നടത്തുകയും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് റെയിൽവേക്കു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിഴിഞ്ഞം പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായുള്ള കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചു കഴിഞ്ഞാൽ 3 കൊല്ലം കൊണ്ട് തുറമുഖത്തിനു ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) നിലവിൽ എന്ത് പ്രവർത്തനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. ഇ.ഐ.എ പഠനം

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖ പദ്ധതിയ്ക്കായുള്ള 'ടേംസ് ഓഫ് റഫറൻസ്,' 2011 ജൂലൈ

മാസത്തിൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതിയ്ക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന (എല്ലാ കാലാവസ്ഥയിലും) പഠനം നടത്തുന്നതിനായി ഏഷ്യൻ കൺസൾട്ടിംഗ് എൻജിനീയേഴ്സ് (ഇന്ത്യ) ലിമിറ്റഡിനെയും റ്റി.ഒ.ആർ നിർദ്ദേശിച്ചിട്ടുള്ള മറ്റു പാരിസ്ഥിതിക പഠനത്തിനായി കേന്ദ്ര സർക്കാർ അംഗീകൃത കൺസൾട്ടന്റായ എൽ& റ്റി റാംബോളിനെയും ഏൽപ്പിക്കുകയുണ്ടായി. ഈ പഠനം 2012 ജൂലൈ മാസത്തോടു കൂടി കഴിയേണ്ടതായിരുന്നെങ്കിലും വിവിധ തുറകളിലെ അപേക്ഷ പ്രകാരം 2012 വർഷകാലസ്ഥിതി വിവരം കൂടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയും ചെയ്തു.

പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 2012 ഡിസംബർ മാസത്തോടു കൂടി കരട് പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും തുടർന്ന് 'പബ്ലിക് ഹിയറിംഗ് ' നടത്താനുമുള്ള നടപടികൾ എടുത്തു വരുന്നു. പബ്ലിക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾപ്പെടുത്തി അന്തിമ പാരിസ്ഥിതിക പഠന റിപ്പോർട്ടും, പാരിസ്ഥിതികാനുമതിക്കായിട്ടുള്ള അപേക്ഷയും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

2. **പദ്ധതി ചെലവും ധനസമാഹരണവും**

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 4010 കോടി രൂപയായി പുനർ നിർണ്ണയിച്ചു. ഇതിനാവശ്യമായ വായ്പ നൽകുന്നതിന് ഹഡ്കോ, ഐ.ഐ.എഫ്.സി.എൽ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ സമീപിയ്ക്കുകയും, അവർ അത് തത്വത്തിൽ അംഗീകരിക്കുകയുമുണ്ടായി. കൂടാതെ എസ്.ബി.റ്റി യുടെ നേതൃത്വത്തിൽ 17 ബാങ്കുകളുടെ കൺസോർഷ്യം ആർ.ബി.ഐ ഗൈഡ്ലൈൻ പ്രകാരം സാമ്പത്തിക സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സർക്കാർ ബോണ്ട് വിതരണം നടത്തി 810 കോടി രൂപ സമാഹരിക്കുന്നതിന്റെ ഭാഗമായി എസ്.ബി.ഐ ക്യാപ്പിറ്റൽ മാർക്കറ്റി-ന്റെ നേതൃത്വത്തിൽ ക്രെഡിറ്റ് റേറ്റിംഗ് പൂർത്തീകരിക്കുകയും A-(SO)/BBB + റേറ്റിംഗ് ലഭ്യമാക്കുകയും ചെയ്തു. നാളിതുവരെ 405.45 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. 2011-2012 വർഷത്തെ ബഡ്ജറ്റിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 197.84 കോടി രൂപയും 2012-13 -ലെ ബഡ്ജറ്റിൽ 223.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

3. **സ്ഥലമേറ്റെടുപ്പും പുനരധിവാസവും**

പദ്ധതിയ്ക്കു ഏറ്റവും ആവശ്യമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ

90% ഏറ്റെടുത്തു കഴിഞ്ഞു. മാത്രമല്ല വെയർ ഹൗസിങ്ങിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. വസ്തു വിലയ്ക്കു തന്നിട്ടുള്ള 47 വീട്ടുടമസ്ഥർക്ക് വിലയ്ക്കു പുറമെ സൗജന്യമായി 5 സെന്റ് ഭൂമിയും 6 മാസത്തെ വീട്ടു വാടക ഹാർഡ്ഷിപ്പ് അലവൻസായും ആണ് നൽകുന്നത്. ഇതിന്റെ പ്രമാണം 27.11.2012-ൽ വിതരണം ചെയ്യുകയുണ്ടായി. ബാക്കിയുള്ള 5 കുടുംബങ്ങൾക്കായി 5 സെന്റ് സ്ഥലത്തിന്റെ ഡോക്യുമെന്റേഷൻ പൂർത്തിയാക്കുകയും തുടർനടപടികൾ എടുത്തു വരികയും ചെയ്യുന്നു.

4. <u>**മാസ്റ്റർ പ്ലാൻ നിർമ്മാണവും, ഇപിസി ടെൻഡർ നടപടികളും**</u>

മാസ്റ്റർ പ്ലാൻ, ഇ.പി.സി ടെണ്ടർ നടപ്പാക്കൽ തുടങ്ങിയവയ്ക്കായി AECOM എന്ന കൺസൾട്ടൻസിയെ ഏൽപ്പിക്കാൻ 15.06.2011-ൽ കൂടിയ VISL ബോർഡ് മീറ്റിംഗ് അംഗീകരിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ ഇ പി സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠനറിപ്പോർട്ട് നിർമ്മാണം, കൺസൾട്ടൻസി വഴി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## 5. ബാഹ്യ അടിസ്ഥാന സൗകര്യ വികസനം

### വൈദ്യുതി

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കാനുള്ള ടെണ്ടർ നടപടികളും ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും പുരോഗമിക്കുന്നു.

### വെള്ളം

പണി പൂർത്തിയായി വരുന്നു.

### റോഡ്

600 മീറ്റർ  നീളമുള്ള ടെമ്പററി റോഡിന്റെ 530 മീറ്റർ പൂർത്തിയായി.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് എൻ. എച്ച് എ ഐ യുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

### റെയിൽ

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, ആർവിഎൻഎൽ മോണോ റെയിൽ പദ്ധതിയെ

ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചു പഠനം നടത്തുകയും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് റെയിൽവേക്കു സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**6. തുറമുഖ നടത്തിപ്പുകാരനെ തെരഞ്ഞെടുക്കൽ**

തുറമുഖത്തിന്റെ ഓപ്പറേറ്റർക്ക് വേണ്ടിയുള്ള കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങിയിരുന്നെങ്കിലും ഏക ബിഡ്ഡറായി കേന്ദ്രാനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡ് 399.5 കോടി രൂപ ഗ്രാന്റ് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. അതിനാൽ ടെണ്ടർ നടപടികൾ റദ്ദു ചെയ്യുകയും, പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം വീണ്ടും ടെൻഡർ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ